(ബി) ഉണ്ടെങ്കിൽ അദ്ദേഹത്തെ ജോലിയിൽ പ്രവേശിപ്പിച്ചിട്ടുണ്ടോ;

(സി) ജോലിയിൽ പ്രവേശിപ്പിച്ചിട്ടില്ലെങ്കിൽ എത്രയും വേഗം ഇദ്ദേഹത്തെ ജോലിയിൽ പ്രവേശിപ്പിക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) രണ്ടാം ഗ്രേഡ് അസിസ്റ്റന്റായി തിരികെ ജോലിയിൽ പ്രവേശിക്കുവാനുള്ള ശ്രീ. ബാലന്റെ അർഹത ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

ഉദ്യോഗസ്ഥൻമാർ ജോലിക്ക് ഹാജരാകാതെയിരിക്കുന്ന സംഭവങ്ങൾ

825 [1246] ശ്രീ. എ. എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പിന്നോക്ക പ്രദേശങ്ങളിലും അവികസിത പ്രദേശങ്ങളിലും നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥൻമാർ ജോലിക്ക് ഹാജരാകാതെയിരിക്കുന്ന സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) അവികസിത പ്രദേശങ്ങളിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥൻമാർക്ക് സൗജന്യ താമസ സൗകര്യങ്ങളും പ്രത്യേകം അലവൻസുകളും നൽകുവാൻ നടപടി സ്വീകരിക്കുമോ;

(സി) അടിയ്ക്കടി പ്രദേശത്ത് മേൽപ്പടി സൗകര്യമേർപ്പെടുത്തുവാൻ വേണ്ടുന്ന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി, സി) സാമ്പത്തിക പരിമിതിക്ക് വിധേയമായി എല്ലാ ജീവനക്കാർക്കും പരമാവധി ആനുകൂല്യങ്ങൾ നൽകുക എന്നതാണ് ഗവൺമെന്റിന്റെ നയം. അത് ഇക്കാര്യത്തിലും ബാധകമാണ്.

പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള നടപടി

826 [1251] ശ്രീ. കെ. അനിരുദ്ധൻ:
ശ്രീ. ടി. എ. പരമൻ:
ശ്രീ. പി. കെ. ചാത്തൻ മാസ്റ്റർ:
ശ്രീ. എം. കെ. കേശവൻ:
ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ സർവ്വീസിൽ പ്രൊബേഷൻ കാലത്ത് പ്രത്യേകമായി ടെസ്റ്റുകളൊന്നും പാസ്സാകണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്തവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly